ആ സിസ്റ്റം പ്രകാരം ഇവർ ഒരു ബാങ്ക് ഗാരന്റി കൊണ്ടുപോയി കൊടുത്തുകഴിഞ്ഞാൽ സിനിമ പിടിച്ച് തിയേറ്ററുകളിലെത്തിച്ച് നിർമ്മാതാക്കൾക്ക് പണം കിട്ടിയതിനുശേഷം മാത്രം അതിന്റെ തുക തിരിച്ചടച്ചാൽ മതി. അതുവരെ പലിശയുമില്ല. 25 % പലിശ പിന്നീടാണ് വരുന്നത്, 90 ദിവസത്തിനുള്ളിൽ ചെയ്തില്ലായെങ്കിൽ. നല്ല ചിത്രങ്ങൾ സ്റ്റുഡിയോയിൽ വരാൻ, സാങ്കേതിക മേന്മയുള്ള ചിത്രങ്ങൾ വരാൻ ഈ രംഗത്ത് വളരെയധികം സഹായകരമായിട്ടുണ്ട്. ആ സാങ്കേതിക മേന്മയുടെ ഗുണം ഇവിടെ പിടിക്കുന്ന ചിത്രങ്ങൾക്കു കിട്ടാൻവേണ്ടിയാണ് ആ സംവിധാനമുണ്ടാക്കിയിട്ടുള്ളതെന്നും ഈ ചോദ്യത്തിന്റെ മറുപടിയിൽ ഞാൻ പറയുകയാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 537

സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും പുരോഗതിക്കും പ്രോത്സാഹനത്തിനും വേണ്ടിയുള്ള പദ്ധതി

2 (* 537) ശ്രീ. പി. വിശ്വൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിക്കും വിദ്യാഭ്യാസ പ്രോത്സാഹനത്തിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 'മഹിളാ സമാഖ്യ' എന്ന പരിപാടി സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(എഫ്) എന്നുമുതലാണ് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയതെന്നറിയിക്കുമോ ;

(ജി) ഇതിനകം ഈ പരിപാടിക്ക് വേണ്ടി എന്തു തുകയുടെ സാമ്പത്തിക സഹായമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഉണ്ട്.

(ബി-ഡി) സ്ത്രീകളുടെ പ്രത്യേകിച്ചും ഗ്രാമീണ് മേഖലയിലെ സ്ത്രീകളുടെ സർവ്വതോമുഖമായ പുരോഗതിയെ ലക്ഷ്യം വച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് 'മഹിളാ സമാഖ്യ'. വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി ചെയർമാനായുള്ള ജനറൽ കൗൺസിലും പൊതു വിദ്യാഭ്യാസ വകുപ്പു സെക്രട്ടറി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് ഇതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത്.

(ഇ) തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്കും ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്കുമാണ് പദ്ധതി നടത്തിപ്പിനായി പ്രാരംഭ ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്

(എഫ്) 1998 മാർച്ചു മാസത്തിലാണ് കേരള മഹിളാ സഹകരണ സൊസൈറ്റി എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചത്.

(ജി) ഈ പദ്ധതിക്ക് ഇതുവരെ കേന്ദ്രസർക്കാരിന്റെ 37 ലക്ഷം രൂപയാണ് grand-in-aid ആയി ലഭിച്ചിട്ടുള്ളത്.

ശ്രീ. പി. വിശ്വൻ : സർ, 'മഹിളാ സമാഖ്യ' ഒരു ഹിന്ദി വാക്കാണെന്നാണ് തോന്നുന്നത്. ഇപ്പോൾ തൊഴിൽ മേഖലയിൽ ചൂഷണത്തിനിരയാകുന്ന സ്ത്രീകൾ വളരെ കൂടുതലാണ്. കൂടുതൽ സമയം ജോലി ചെയ്യുക, കുറഞ്ഞ കൂലി ലഭ്യമാക്കുക, ഈ രംഗങ്ങളിലൊക്കെ വലിയ ബോധവൽക്കരണം നടത്താൻ 'മഹിളാ സമാഖ്യ' എന്ന പേരിലുള്ള ഈ പദ്ധതികൊണ്ട് കഴിയുമോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഇത് ലക്ഷ്യമിട്ടിരിക്കുന്നത് സ്ത്രീകളിൽ ആത്മവിശ്വാസം വളർത്തുക, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, അതുവഴിയുള്ള സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക ; (2) സമൂഹത്തിന്റെയും തന്റെയും പുരോഗതിക്കായി ക്രിയാത്മകമായി പ്രവർത്തിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക ; (3) ഗ്രാമപ്രദേശങ്ങളിലെ തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി പങ്കെടുക്കാൻ ഉതകുന്നവിധം സ്ത്രീകളെ കഴിവുറ്റവരാക്കുക ; (4) സ്ത്രീകളുടെയും പെൺകുട്ടികളുടെയും വികസനത്തിനനുകൂലമായ സാഹചര്യം ഒരുക്കുക ; (5)ഗ്രാമീണ സ്ത്രീയുടെ സർവ്വതോന്മുഖമായ വികസനത്തിന് വിഘാതമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക ; (6) സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, പീഡനങ്ങൾ, വിവാഹ ധൂർത്ത്, സ്ത്രീധനം എന്നിവയ്ക്കെതിരെ പ്രതികരിക്കാൻ അവരെ പ്രാപ്തരാക്കുക ; (7) വിദ്യാഭ്യാസത്തിനു പുറമെ തൊഴിൽ സാധ്യതകൾ ലഭ്യമാക്കുന്നതിനാവശ്യമായ വൈദഗ്ദ്ധ്യം നേടാൻതക്കവണ്ണം സാങ്കേതിക പരിശീലനം നൽകുക, അത്തരത്തിൽ സ്വാശ്രയശീലം പരിപോഷിപ്പിക്കുക. ഇത്രയും ലക്ഷ്യങ്ങൾ വച്ചുകൊണ്ടാണ് ഇതു പ്രവർത്തിക്കുന്നത്.

ശ്രീ. പി. വിശ്വൻ : സർ, അങ്ങയുടെ ഉത്തരത്തിൽ വാമനപുരമടക്കമുള്ള രണ്ടു ബ്ലോക്കുകളിൽ ഈ 'മഹിളാ സമാഖ്യ' പദ്ധതി ആരംഭിച്ചു എന്നാണ് പറയുന്നത്. ലിറ്ററസി മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും ഈ പദ്ധതികൾ വിപുലപ്പെടുത്തിയെടുക്കാനുള്ള ഒരു പ്രോജക്ടിന് സർക്കാർ തയ്യാറാകുമോ ; കേന്ദ്രസർക്കാർ തന്നത് ഇപ്പോൾ 38 ലക്ഷമെന്നാണ് പറയുന്നത്, ആ പണം ഒരു ചെറിയ ശതമാനംപോലും നമ്മുടെ ആവശ്യത്തിനുതകുന്നതായിരിക്കില്ല. ഈ ഫണ്ട് വർദ്ധിപ്പിക്കാൻ സർക്കാർ എന്തെങ്കിലും ശ്രമം നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : സർ, ഇതിപ്പോൾ കേന്ദ്രത്തിലെ പദ്ധതിയാണ്. അവർ കേരളത്തിൽ രണ്ടു ബ്ലോക്കുകൾ തെരഞ്ഞെടുക്കാനാണ് ആവശ്യപ്പെട്ടത്. ആ രണ്ടു ബ്ലോക്കുകളിൽ ഈ പ്രവർത്തനം കേന്ദ്രീകരിച്ചു നടത്തുമ്പോൾ ആ മോഡലിൽ മറ്റു പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാവുന്നതാണ്. ഇത് കേന്ദ്രത്തിന്റെ മാത്രം പദ്ധതിയായതുകൊണ്ട് നമുക്കതിൽ വലിയമാറ്റം വരുത്താൻ പറ്റില്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കേന്ദ്രഗവൺമെന്റിന്റെ പദ്ധതി എന്നുള്ള നിലയിൽ എങ്ങനെയൊക്കെയാണ് നമ്മുടെ സംസ്ഥാനത്ത് ഈ പദ്ധതി ഉപയോഗപ്പെടുത്തുക എന്നുള്ളത് നമുക്കറിയില്ല. എങ്കിലും സ്ത്രീകൾ സാമൂഹ്യ അദ്ധ്വാന രംഗത്ത് ധാരാളമായി കടന്നുവരേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ട് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി സ്ത്രീകൾക്ക് പരിശീലനം കൊടുക്കുന്നതിന് ഈ പദ്ധതി മുഖാന്തിരം കഴിയുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, 'മഹിളാ സമാഖ്യ' യുടെ ഭാഗമായി മഹിളാ സംഘ് എന്നാണ് പറയുന്നത്. ഓരോ സംഘവും മഹിളാ സംഘ് രൂപീകരിക്കണം. അതിൽ ഓരോ പ്രദേശത്തും ഇപ്പോൾ ഒരു ബ്ലോക്കിലെ ഒരു പഞ്ചായത്താണ് നമ്മൾ എടുത്തിരിക്കുന്നത്. അവിടെ സഖി അല്ലെങ്കിൽ സഹായി എന്നുള്ള പേരിൽ രണ്ടു വർക്കേഴ്സിനെ നിയമിക്കണമെന്നാണ് വച്ചിട്ടുള്ളത്. അവരാണ് ഈ പ്രവർത്തനങ്ങൾ ക്രോഡീകരിക്കേണ്ടത്. ഇവരുടെ പ്രവർത്തനങ്ങൾ വഴി ഒരു ബോധവൽക്കരണ പരിപാടിയാണ് പ്രധാനമായി നടപ്പാക്കേണ്ടത്. എന്തെല്ലാം ആനുകൂല്യങ്ങൾ ഗവൺമെന്റിൽ നിന്നും സ്ത്രീകൾക്ക് ലഭിക്കുന്നുണ്ട്. അതൊന്നും പലപ്പോഴും നമ്മുടെ സ്ത്രീകൾക്ക് അറിഞ്ഞുകൂടാ. അതുകൊണ്ട് ഓരോ ഗ്രാമപ്രദേശത്തും അയൽക്കൂട്ടങ്ങൾ പോലെ സ്ത്രീകളുടെ സഖി അല്ലെങ്കിൽ സഹായി വിളിച്ചുകൂട്ടി അവരോട് ഇക്കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി അവരെ കൂടുതൽ ശക്തരാക്കി, അവരുടെ അവകാശങ്ങളെപ്പറ്റി അവരെ ബോധവതികളാക്കുക. പെൺകുട്ടികൾ ജനിച്ചാൽ തമിഴ്നാട്ടിലുള്ള പ്രശ്നങ്ങളൊക്കെ നമ്മൾ വായിക്കുന്നുണ്ടല്ലോ. പക്ഷേ കേരളത്തിൽ അങ്ങനെയില്ല. തമിഴ്നാട്ടിൽ പെൺകുട്ടികളാണ് ജനിക്കുന്നതെങ്കിൽ ആ കുഞ്ഞ് അപ്രത്യക്ഷമാകുന്ന സ്ഥിതിവിശേഷമുണ്ടാകാറുണ്ട്. അത്തരത്തിലുള്ള സാമൂഹ്യ തിന്മകൾക്കെതിരെ സ്ത്രീകളെ ബോധവൽക്കരിക്കുക. സ്ത്രീ പീഡനത്തിനെതിരെ പ്രതികരിക്കാൻ അവരെ ബോധവൽക്കരിക്കുക. ഇത്തരത്തിൽ സഖി അല്ലെങ്കിൽ സഹായിയായിട്ടുള്ളവർ ഗ്രാമപ്രദേശത്തു പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മുന്നോട്ടു നീങ്ങുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : വളരെ നാമമാത്രമായിട്ടുള്ള പ്രതിഫലനം മാത്രമാണ് ഈ പദ്ധതിയുടെ ഭാഗമായി സമൂഹത്തിൽ ഉണ്ടാക്കാൻ കഴിയുക എന്ന് നമുക്കറിയാം. കേന്ദ്ര ഗവൺമെന്റിന്റെ ചില പരിപാടികൾ പോലെ തന്നെ വലിയ പ്രതിഫലനങ്ങളൊന്നുമില്ലാതെ കടന്നു പോകാനിടയാകുന്ന ഈ പരിപാടിയെ കുറച്ചെങ്കിലും അർത്ഥവത്താക്കി മാറ്റുന്നതിന് സംസ്ഥാനത്തിന്റെ എല്ലാ ജില്ലാകളിലും ഏതെങ്കിലും പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വിഷയങ്ങളെ മുൻനിർത്തി ശില്പശാലകൾ സംഘടിപ്പിച്ചുകൊണ്ട് സ്ത്രീധനം പോലെയുള്ള വിപത്തുകൾക്ക് എതിരായി ബോധവൽക്കരണം നടത്താൻ ഈ പരിപാടിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് മുന്നോട്ടു പോകുമോ -?

ശ്രീ. പി. ജെ. ജോസഫ് : ഇവിടെ ഒരു സമീപനത്തിന്റെ പ്രശ്നമുണ്ട്. എല്ലാ പ്രോഗ്രാമുകളും സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും തുടങ്ങുന്നതിനു പകരം തെരഞ്ഞെടുക്കപ്പെട്ട ചില കേന്ദ്രങ്ങളിൽ, അടിസ്ഥാനം ഏതു സ്ഥലമുമാകട്ടെ, രണ്ടു ബ്ലോക്കുകൾ തെരഞ്ഞെടുത്ത്, ആ രണ്ടു ബ്ലോക്കുകളിൽ ഇതു മാതൃകാപരമായി പ്രവർത്തിച്ചാൽ മറ്റു ബ്ലോക്കുകൾക്കും അതു സംബന്ധിച്ച് ശരിയായ ധാരണയുണ്ടാകുന്നതാണ്. ഈ ലക്ഷ്യങ്ങൾ കൈവരിക്കത്തക്കവിധം എല്ലാ ഏജൻസികളും, ഇതുമായി സഹകരിച്ചു പ്രവർത്തിക്കാവുന്ന ജനപ്രതിനിധികൾ എല്ലാം ചേർന്ന് പ്രവർത്തിക്കാവുന്നതാണ്. അങ്ങനെ സ്ത്രീകളെ എംപവർ ചെയ്യിക്കുക. പൊളിറ്റിക്കൽ ഫീൽഡിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടത്ര സപ്പോർട്ട് കൊടുക്കണമെന്ന് എഴുതി വച്ചിട്ടുണ്ട്. അതിന് അവരെ പ്രാപ്തരാക്കുക. അത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ സഖിമാരുടെ സഹായത്തോടുകൂടി സ്ത്രീകൾക്ക് ഒറ്റക്കെട്ടായി മുന്നോട്ടു വരാവുന്നതാണ്.

ശ്രീമതി എൻ. കെ. രാധ : ഗ്രാമീണ മേഖലകളിലെ സ്ത്രീകളുടെ പുരോഗതിയും വിദ്യാഭ്യാസവും തൊഴിൽ സാധ്യതയും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഭാഗമായി തുടങ്ങിയിട്ടുള്ളത്. 1998-ലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 1998-നു ശേഷം നടന്നിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : രണ്ടു ബ്ലോക്കുകളിലായിട്ടാണ് പ്രവർത്തിക്കുന്നത്. വാമനപുരത്ത് എട്ടു സംഘങ്ങളിലും അടിമാലിയിൽ ആറു പഞ്ചായത്തുകളിലുമായിട്ടാണ് പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നത്. ആ പ്രവർത്തനങ്ങൾക്ക് നല്ല പുരോഗതി ഉണ്ടാകുന്നുണ്ട്. കുറച്ചുകൂടി ഫലപ്രദമായി കൊണ്ടുപോകണം. ഇതു ആനുകൂല്യങ്ങൾ കൊടുക്കുന്ന പരിപാടിയല്ല. സ്ത്രീകളെ ബോധവൽക്കരിക്കുക, തുടർ വിദ്യാഭ്യാസം വഴി അവരെ ശക്തരാക്കുക, അവർക്ക് തൊഴിൽ പരിശീലനം നടത്തുക തുടങ്ങിയവയാണ്. ഗവൺമെന്റിൽ നിന്ന് എത്രയോ ആനുകൂല്യങ്ങൾ യഥാർത്ഥത്തിൽ സ്ത്രീകൾക്ക് കിട്ടാതെ പോകുന്നു. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് കിട്ടാതെ പോകുന്നുണ്ട്. സമയത്ത് അപേക്ഷ കൊടുക്കാത്തതിന്റെ പേരിൽ അർഹതപ്പെട്ട പലതും ലഭിക്കാതെയും പോകുന്നുണ്ട്. അതുപോലെ ഭവന നിർമ്മാണത്തിനുള്ള സഹായത്തിന് അപേക്ഷ കൊടുക്കാൻ പോലും പലപ്പോഴും ഇവർക്ക് സാധിക്കാതെ വരുന്നുണ്ട്. ഗവൺമെന്റിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ മുഴുവൻ ലഭ്യമാക്കാൻ ഈ സ്ത്രീകളെ സംഘടിപ്പിച്ച് അവരെ ബോധവൽക്കരിക്കേണ്ടതായിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങളുമായിട്ടാണ് നമ്മൾ മുന്നോട്ടു പോകുന്നത്.

ശ്രീമതി എൻ. കെ. രാധ : എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് പൊതു വിദ്യാഭ്യാസ സെക്രട്ടറിയും വിദ്യാഭ്യാസ മന്ത്രി ചെയർമാനുമായിട്ടുള്ള കമ്മിറ്റിയാണ്

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ഈ കമ്മിറ്റിയിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നു വ്യക്തമാക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : മാനദണ്ഡങ്ങൾ അങ്ങനെ കൃത്യമായി പറയാൻ നിവൃത്തിയില്ല. പക്ഷേ ഇതിനകത്ത് വലിയ ഡിസ്ക്രീഷനൊന്നുമില്ല. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ, Members comprise the following : Chairman ; Secretary, General Education Department, Government of Kerala, Member Secretary : State Programme Director ; Members : District Programme Co-ordinators (MAHILA SAMAKHYA Districts), Department of Education - Government of India- Nominees-2, Department of Education - State Government Nominees - 2, Nominees of National Resource Group - 2, Representative of State Department of Social Welfare -1, Representative of State Rural Development Department -1, Representative of State Finance Department -1, DRG Nominees- 1 from each MAHILA SAMAKHYA DISTRICT, Nominees of the State Educaiton Department from among eminent educationists, women activists and or eminent person -2, Nominees of Government of India in the above category -1, Representatives of Sahayoginis -2 (on rotation basis) വലിയ ഡിസ്ക്രീഷനൊന്നുമില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : അങ്ങു തന്നിട്ടുള്ള മറുപടിയിൽ 1998 മാർച്ചു മാസത്തിൽ ഈ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചു എന്ന് പറയുന്നുണ്ട്. രണ്ടു ബ്ലോക്കുകളിലാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നത് എന്നും പറയുന്നുണ്ട്. 37 ലക്ഷം രൂപ Grant-in-aid ആയി ലഭിച്ചിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഈ കാലത്തിനിടയിൽ ഈ 37 ലക്ഷം രൂപയിൽ നിന്ന് എത്ര ലക്ഷം രൂപ ഈ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. പി. ജെ. ജോസഫ് : അതിനു പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : അങ്ങ് ഇതിന്റെ ലക്ഷ്യം പ്രഖ്യാപിച്ചപ്പോൾ സ്ത്രീകളുടെ നാനാമുഖമായിട്ടുള്ള, സാമ്പത്തികമായിട്ടുള്ള വികസനമാണ്, പുരോഗതിയാണ് ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നതെന്ന് മനസ്സിലായി. നമ്മുടെ സംസ്ഥാനത്തെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ട് ബ്ലോക്കു തലത്തിൽ പ്രവർത്തിക്കുന്ന മഹിളാ യൂണിറ്റുകൾ തുടങ്ങിയിട്ടുള്ള യൂണിയനുകളുമായി സംയോജിപ്പിച്ചുകൊണ്ട് ഇതിന്റെ പ്രവർത്തനം വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ; ഐ. സി. ഡി. എസ്. പ്രോജക്ടുകൾ പോലുള്ള പ്രോജക്ടുകളുണ്ട്. അത് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമമാണ് ലക്ഷ്യമിടുന്നത്. ഇതു വെവ്വേറെ പോകാതെ എല്ലാം കൂടി സംയോജിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടി സ്വീകരിക്കാൻ അങ്ങ് നേതൃത്വം കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ അല്ലെങ്കിൽ പഞ്ചായത്തുകളിൽ അവയുടെ പ്രവർത്തനങ്ങൾ, പല ഏജൻസികൾ ഒന്നിച്ചു ചേരുമ്പോൾ അതു ലക്ഷ്യമിടുന്നത് ഒരേ വ്യക്തികളെയാണ്. അങ്ങനെ കൂട്ടായി ആലോചിച്ചു പ്രവർത്തനം നടത്തുന്നത് അതിന്റെ ലക്ഷ്യപ്രാപ്തിയിലെത്താൻ സഹായകമാകും. അക്കാര്യത്തിൽ മഹിളാ സമാഖ്യയുടെ പ്രവർത്തനവും അത്തരത്തിലാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : മഹിളാ സമാഖ്യാ പദ്ധതിക്കുവേണ്ടി തിരുവനന്തപുരം ജില്ലയിലെ വാമനപുരം, ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്കുകളാണ് തെരഞ്ഞെടുത്തതെന്ന് മന്ത്രിയുടെ മറുപടിയിൽ പറയുകയുണ്ടായി. എന്തടിസ്ഥാനത്തിലാണ് ഈ രണ്ടു ബ്ലോക്കുകൾ തെരഞ്ഞെടുത്തതെന്നു വിശദീകരിക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : അതെല്ലാം വിശദമായി പറയാൻ നിവൃത്തിയില്ല.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കാൻ കഴിയാതെ ഇടയ്ക്കു വച്ച് പഠിപ്പു നിർത്തി പോകേണ്ടി വരുന്നതിൽ ഭൂരിപക്ഷവും പെൺകുട്ടികളാണ്. ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഈ കൊഴിഞ്ഞു പോക്ക് തടയുന്നതിനു പ്രാധാന്യം കൊടുത്തുകൊണ്ട് ഈ പദ്ധതി മുഖേന പരിപാടി നടപ്പിലാക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : തുടർ വിദ്യാഭ്യാസം ഇതിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. അതുകൊണ്ട് ഈ സഖ്യത്തിൽ ചേർന്ന് അവരുടെ എല്ലാ വിധമായ പ്രശ്നങ്ങളെപ്പറ്റിയും ചർച്ച ചെയ്യാം. തുടർ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും എല്ലാം ഇതിനകത്ത് പ്രാധാന്യം കൊടുത്തിട്ടുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : മഹിളാ സമാഖ്യവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ സഖി അല്ലെങ്കിൽ സഹായിയാണ് ഇപ്പോൾ രംഗത്തുള്ളത്. ഇവിടെ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം അംഗൻവാടി വർക്കേഴ്സും ഹെൽപ്പേഴ്സും ആയി ആയിരക്കണക്കിന് സ്ത്രീകളുണ്ട്. മഹിളാ സ്വസ്ത്, സംഘ് എന്ന് പറഞ്ഞ് ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാരം ആയിരക്കണക്കിന് സ്ത്രീകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അതു കൂടാതെ പ്രീ-പ്രൈമറി അധ്യാപകരെന്നു പറഞ്ഞ് മറ്റൊരു വിഭാഗവുമുണ്ട്. ഇവിടെയൊക്കെ സ്ത്രീകളെ വിശേഷാൽ പ്രതിഫലം ഒന്നും കൂടാതെ ഓണറേറിയം ബഹുമതിയൊക്കെ കൊടുത്തു ഒരു പരിധിവരെ ചൂഷണം ചെയ്യുകയാണ്. ആ ചൂഷണം ഈ സഖികളിലൂടെയും സഹായികളിലൂടെയും ആക്കി മാറ്റാതെയിരിക്കാൻ മഹിളാ സമാഖ്യയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് ന്യായവും അർഹവുമായ വേതനം നൽകാൻ കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഇതിൽ ഇപ്പോൾ സമ്മർദ്ദം കൊണ്ട് വലിയ പ്രയോജനമുണ്ടാകുമെന്ന് തോന്നുന്നില്ല. ഇത് കേന്ദ്രഗവൺമെന്റിന്റെ ഒരു പദ്ധതിയാണ്. ഇവരെല്ലാം സോഷ്യൽ വർക്കേഴ്സായി വരേണ്ടവരാണ്. ആ

സോഷ്യൽ വർക്കേഴ്സിന് ശമ്പളമെന്ന അടിസ്ഥാനത്തിൽ നമ്മൾ നോക്കിയാൽ ഈ വർക്കുകളൊന്നും നടക്കുകയില്ല. അത് അംഗൻവാടി ടീച്ചേഴ്സാണെങ്കിലും അങ്ങനെതന്നെ അവർക്കൊരു പ്രതിബദ്ധതയുണ്ടായിട്ടുണ്ട്. ഒരു പ്രതിമാസ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ അവർക്കൊന്നും വർക്കുചെയ്യാൻ സാധിക്കുകയില്ല. ഇവിടെ നടത്തിയ സാക്ഷരതാ പദ്ധതിയിൽ ഒരു ശമ്പളവും കൊടുക്കാതെയാണ് നടത്തിയിട്ടുള്ളത്. അതുകൊണ്ട് സാമൂഹ്യ പ്രതിബദ്ധത യോടുകൂടി പ്രവർത്തിക്കാൻ സാധിച്ചെങ്കിൽ മാത്രമേ ഇത് വിജയിക്കുകയുള്ളു.

ശ്രീ. ജോണി നെല്ലൂർ : സർ, ബഹുമാന്യമായ മന്ത്രി കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുന്ന മഹിളാ സമാഖ്യ പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. മഹിളാ സമാഖ്യയ്ക്ക് 38 ലക്ഷം രൂപ കേന്ദ്രം അനുവദിച്ചു എന്നു പറഞ്ഞു. അത് എന്നാണ് അനുവദിച്ചത് ; ഈ തുക കൊണ്ട് രണ്ട് ബ്ലോക്കുകളിലായി ഈ പദ്ധതി നടപ്പാക്കുമെന്ന് പറഞ്ഞു. കേരളത്തിൽ നാളിതുവരെ 38 ലക്ഷം രൂപയിൽ നിന്ന് എന്തെങ്കിലും ചെലവാക്കിയിട്ടുണ്ടോ ; ഒരു പൈസപോലും ചെലവാക്കിയിട്ടില്ലയെന്നുള്ള ആക്ഷേപം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്റെ കണക്കുകൾ വ്യക്തമാക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, അങ്ങനെയൊരു ആക്ഷേപം ഒരു ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ചെലവാക്കിയതിന്റെ കൃത്യമായ കണക്ക് ഇല്ല.

ശ്രീ. ഇസഹാക് കുരിക്കൾ : സർ, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് വിവിധ പദ്ധതികൾ സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കുന്നുണ്ട്. കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ ശ്രീ. ഇ. അഹമ്മദിന്റെ ചോദ്യത്തിനുത്തരമായി കേന്ദ്ര മന്ത്രി പറഞ്ഞത് സംസ്ഥാന സർക്കാർ രണ്ടാം ഗഡുവിനുള്ള അപേക്ഷ നൽകിയില്ല എന്നാണ്. ഏരിയ ഇന്റൻസീവ് പ്രോഗ്രാം, മോഡണൈസേഷൻ ഓഫ് മദ്രസ്സ എഡ്യൂക്കേഷൻ, മഹിളാ സമാഖ്യ എന്നീ തുടർ വിദ്യാഭ്യാസ പരിപാടിക്ക് കേന്ദ്ര ഗവൺമെന്റ് നൽകുന്ന പണം, സംസ്ഥാന ഗവൺമെന്റിനു യാതൊരു ബാദ്ധ്യതയുമില്ലന്നുള്ള രീതിയാണുള്ളത്. പിന്നോക്ക പ്രദേശങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി നടത്തുന്ന ഈ പ്രവർത്തനങ്ങൾക്ക് അങ്ങയുടെ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ഗൂഢാലോചനയുടെ ഭാഗമായി രണ്ടാം ഗഡുവിനുള്ള അപേക്ഷയും അതു പോലെ പ്രൊപ്പോസലുകളും കേന്ദ്ര ഗവൺമെന്റിനു അയയ്ക്കുന്നില്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; രണ്ടാം ഗഡുവിനുള്ള അപേക്ഷ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, തുടർ വിദ്യാഭ്യാസ പരിപാടിയുടെ അപേക്ഷ കൊടുത്തതിൽ വളരെയേറെ ചർച്ചകൾ നടന്നിരിക്കുന്നു. ഏറെ താമസിയാതെ ഫണ്ട് റിലീസ് ചെയ്തു കിട്ടും. അതുപോലെ അംഗം പറഞ്ഞ മദ്രസ്സയ്ക്കു ഇപ്പോൾ പ്രോജക്ട് റിപ്പോർട്ട് കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, വനിതാ മുന്നേറ്റ രംഗത്തു കേരളം കൈവരിച്ച അഭൂതപൂർവ്വമായ നേട്ടത്തെ ബിൽ ക്ലിന്റൻപോലും മുക്തകണ്ഠം പ്രശംസിച്ചിരിക്കുന്ന ഒരു സാഹചര്യമാണ്. ക്ലിന്റൻ പോലും വനിതാ രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

അഭിമാനകരമായ നേട്ടം കൈവരിച്ചുവെന്ന് പ്രസംഗിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഒരു കാര്യത്തെ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസ്താവന ഞങ്ങൾ വായിച്ചു. മാറിമാറി വന്ന ഗവൺമെന്റുകളുടെ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് അതുണ്ടായിട്ടുള്ളത്. നിങ്ങളുടെ മാത്രം നേട്ടമല്ല. ഏതായാലും ആ സാഹചര്യത്തിൽ നമുക്ക് രണ്ട് ബ്ലോക്കെന്നുള്ളത് കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായം തേടാൻ കഴിയുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, നമ്മുടെ കേരളം അഞ്ചാമത്തെ സ്റ്റേറ്റാണ്. നമ്മൾ റെപ്രസന്റേഷൻ കൊടുത്തു, അവർ അംഗീകരിച്ചു. അങ്ങനെ പല പ്രോഗ്രാമിനും നമ്മുടെ സ്റ്റേറ്റ് മാത്രം വന്നിട്ടുണ്ട്. കൂടുതൽ ബ്ലോക്കുകളുൾപ്പെടുത്തണമെന്ന് നമ്മൾ തീർച്ചയായും ആവശ്യപ്പെടാം.

എൽ. ബി. എസ്. സെന്ററിന്റെ പ്രവർത്തനം

3 (* 538) ശ്രീ. കെ. അച്ചുതൻ :

ശ്രീ. കെ. പി. വിശ്വനാഥൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) കംപ്യൂട്ടർ വിദ്യാഭ്യാസം സംസ്ഥാനത്ത് സാർവത്രികമാക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി ഈ സ്ഥാപനത്തെ ഒരു നോഡൽ ഏജൻസിയായി പ്രഖ്യാപിച്ചുകൊണ്ട് ഈ സെന്ററിന്റെ കീഴിൽ കൂടുതൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി : (ശ്രീ. പി. ജെ. ജോസഫ്) :

(എ&ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ ഗവേണിംഗ് ബോഡി എൽ. ബി. എസ്. സെന്ററിന്റെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. പ്രത്യേക അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

(സി&ഡി) വിവര സാങ്കേതിക മേഖലയിൽ ടോട്ടൽ സൊലൂഷൻ പ്രൊവൈഡർ ആയി പ്രവർത്തിപ്പിച്ചിട്ടുള്ള ഏജൻസികളിൽ എൽ. ബി. എസ്. സെന്ററുകളും ഉൾപ്പെടുന്നു. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ജീവനക്കാർക്കുവേണ്ടിയുള്ള കമ്പ്യൂട്ടർ ട്രെയിനിംഗ്, സോഫ്ട്‌വെയർ ഡെവലപ്മെന്റ്സ് എന്നിവ സെന്ററിന്റെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തിവരുന്നു. നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly